"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - വിജിലൻസ് ട്രാപ് കേസ് - സസ്പെൻഷനിലുള്ള കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.സോമൻ കെ.കെ., അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ശ്രീധിൻ എസ് എന്നിവരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.168/2024/POWER തീയതി,തിരുവനന്തപുരം, 09-09-2024

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 31.05.2023-ലെ VC/08/23/KTM നമ്പർ കത്ത്.
2. സ.ഉ.(സാധാ.) നം. 98/2023/പവർ തീയതി: 02.06.2023.
3. 09.07.2024-ൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗ് ശിപാർശ.

**ഉത്തരവ്**

വി.സി. 08/2023/കെ.ടി.എം. U/s 7 (a) (b) of PC Act 1988 as amended by Prevention of Corruption (Amendment) Act 2018 പ്രകാരമുള്ള ട്രാപ് കേസിലെ ഒന്നും രണ്ടും പ്രതികളായ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ശ്രീധിൻ എസ് എന്നിവരെ പരാമർശം 2. പ്രകാരം വേല വിലക്കി ഉത്തരവായിരുന്നു. ഈ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരികയാണ്.

2) സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗിന്റെ പരാമർശം 3.ലെ ശിപാർശ പരിഗണിച്ച് സസ്പെൻഷനിലുള്ള ശ്രീ.കെ.കെ.സോമൻ, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീ.ശ്രീധിൻ എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നിവരെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ശ്രീധിൻ എസ്.-നെ കോട്ടയം ജില്ലക്ക് പുറത്ത് നിയമിക്കണമെന്ന വ്യവസ്ഥയോടെ ടിയാന് നിയമനം നൽകാൻ

നിയമനാധികാരിയായ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അനുമതി നൽകുന്നു. നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

4) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.കെ.കെ.സോമനെ കോട്ടയം ജില്ലയ്ക്ക് പുറത്ത് നിയമിക്കാനുള്ള ശിപാർശ ഉടൻ തന്നെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
വിജിലൻസ് (ഡി) വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 09-09-2024 14:46:44

സെക്ഷൻ ഓഫീസർ